ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പിഎം ധൻ ധാന്യ യോജനയ്ക്കും, പയറുവർഗ്ഗ സ്വാശ്രയ ദൗത്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിൽ തുടക്കം കുറിക്കും.

   **PM Narendra Modi to launch 'PM Dhan Dhanya Yojana' and 'Pulses Self-Reliance Mission' tomorrow in New Delhi.**

2. ഭീകരതയെ നേരിടാൻ ഇന്ത്യ- അഫ്ഗാൻ സഹകരണം അനിവാര്യമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ; ഇന്ത്യയുമായുള്ള ബന്ധം വിലപ്പെട്ടതെന്ന് അഫ്ഗാൻ വിദേശകാര്യ മന്ത്രി.

   **External Affairs Minister Dr. S. Jaishankar calls for India and Afghanistan ties to work together in combating terrorism. Afghan always valued its good relations with India; says Afghan Foreign Minister.**

3. സമാധാനത്തിനുള്ള 2025ലെ നൊബേൽ പുരസ്കാരം വെനസ്വേലയിലെ ജനാധിപത്യ പ്രവർത്തക മരിയ കൊറീന മചാഡോയ്ക്ക്.

   2025 **Nobel Peace Prize awarded to Venezuelan pro-democracy activist Maria Corina Machado.**

4. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ ദുരിതാശ്വാസം, സാമ്പത്തിക സ്ഥിരത തുടങ്ങിയ വിഷയങ്ങളിൽ അടിയന്തര

ഇടപെടൽ ആവശ്യപ്പെട്ടതായി മുഖ്യമന്ത്രി പിണറായി വിജയൻ.

**Kerala CM Pinarayi Vijayan seeks urgent intervention on relief and economic stability in meeting with PM Narendra Modi in New Delhi.**

5. കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരും; ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത.

**Isolated heavy rain to continue in Kerala; yellow alert in six districts.**

6. വെസ്റ്റ് ഇൻഡീസിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ രണ്ടു വിക്കറ്റിന് 318 റൺസ് എന്ന നിലയിൽ.

**India at 318/2 in second Test match against West Indies.**

## PREZ MURMU SOMNATH

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഗുജറാത്ത് സന്ദർശനം പുരോഗമിക്കുന്നു. സോമനാഥ് ക്ഷേത്രത്തിൽ ദർശനം നടത്തിയ രാഷ്ട്രപതി സർദാർ വല്ലഭായ് പട്ടേലിൻറെ പ്രതിമയിൽ പുഷ്പാർച്ചനയും നടത്തി. സാസൻ സന്ദർശിക്കുന്ന ശ്രീമതി മുർമു ഗിറിലെ പ്രാദേശിക ഗോത്ര സമൂഹവുമായി അല്പസമയത്തിനകം സംവദിക്കും. അഹമ്മദാബാദിൽ ഗുജറാത്ത് വിദ്യാപീഠത്തിന്റെ 71-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

## PM – PULSES MISSION

കാർഷിക മേഖലയിലെ സുപ്രധാന പദ്ധതികളായ പിഎം ധൻ ധാന്യ യോജനയ്ക്കും, പയറുവർഗ്ഗ സ്വാശ്രയ ദൗത്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് പ്രധാനമന്ത്രി ധൻ-ധാന്യ യോജന പ്രകാരം, ഉൽപ്പാദനക്ഷമത കുറഞ്ഞ 100 ജില്ലകളെ കണ്ടെത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമെന്ന് കേന്ദ്ര കൃഷി മന്ത്രാലയം അറിയിച്ചു. പയറുവർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയാണ് സ്വാശ്രയ ദൗത്യത്തിലൂടെ ലക്ഷ്യമിടുന്നത്.

## FUR. REV JAISHANKAR – AFGHANISTAN ( INTRO)

പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച അഫ്ഗാനെ അഭിനന്ദിച്ച് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. എല്ലാ തരം ഭീകരപ്രവർത്തനങ്ങളേയും അപലപിക്കുന്നതായി ശ്രീ ജയശങ്കറും അഫ്ഗാൻ വിദേശകാര്യ മന്ത്രി മൗലവി അമിർ ഖാൻ മുത്തഖിയും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. ഭീകരതയെ നേരിടുന്നതിൽ ഇരുരാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്ന് ശ്രീ ജയ്ശങ്കർ അഫ്ഗാൻ വിദേശകാര്യ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ പരാമർശിച്ചിരുന്നു. കാബൂളിലെ ഇന്ത്യയുടെ സാങ്കേതിക ദൗത്യത്തെ മുഴുവൻ സമയ എംബസിയായി ഉയർത്തുമെന്നും അദ്ദേഹം അറിയിച്ചു.

( വോയിസ്....... )

ഇന്ത്യയുമായുള്ള ബന്ധത്തെ എല്ലായ്പ്പോഴും വിലമതിക്കുന്നതായി അഫ്ഗാൻ വിദേശകാര്യ മന്ത്രി വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

## RAJNATH AUSTRALIA

ഘടനാപരമായ പരിഷ്കാരങ്ങളിലൂടെ നിർമാണ മേഖലയിൽ പരിവർത്തനത്തിൻറെ പാതയിലാണ് ഇന്ത്യയെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്. ഇന്ത്യ- ഓസ്ട്രേലിയ പ്രതിരോധ വ്യവസായ സമ്മേളനത്തെ സിഡ്നിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഉന്നത നിലവാരമുള്ള സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനായി ഓസ്ട്രേലിയൻ കമ്പനികളെ ശ്രീ രാജ്നാഥ് സിങ്ങ് ഇന്ത്യയിലേക്ക് ക്ഷണിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## NOBEL PEACE PRIZE

2025ലെ സമാധാനത്തിനുള്ള നൊബേൽ സമ്മാനം വെനസ്വേലയിലെ ജനാധിപത്യ പ്രവർത്തക മരിയ കൊറീന മചാഡോയ്ക്ക്. വെനസ്വേലയിലെ ജനാധിപത്യ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിയ അക്ഷീണ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം. വെനിസ്വേലയിലെ ഉരുക്കുവനിത എന്ന് അറിയപ്പെടുന്ന മച്ചാഡോയെ ടൈം മാഗസിൻ 2025 ലെ ഏറ്റവും സ്വാധീനമുള്ള 100 പേരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## REV. PM – MENTAL HEALTH DAY

വ്യക്തിഗത ക്ഷേമത്തിൻറെ അടിസ്ഥാനം മാനസികാരോഗ്യമാണെന്ന ഓർമപ്പെടുത്തലാണ് ലോക മാനസികാരോഗ്യദിനമെന്ന് പ്രധാനമന്ത്രി

നരേന്ദ്ര മോദി. മാനസികാരോഗ്യത്തെക്കുറിച്ചുള്ള ചർച്ചകൾക്കുള്ള അന്തരീക്ഷം സൃഷ്ടിക്കാനും കൂട്ടായി പ്രവർത്തിക്കാനും അദ്ദേഹം ജനങ്ങളോട് സമൂഹമാധ്യമത്തിലൂടെ അഭ്യർത്ഥിച്ചു. മറ്റുള്ളവരോട് സഹാനുഭൂതി കാണിക്കേണ്ടതിൻറെ പ്രാധാന്യം ഓർമ്മപ്പെടുത്തുന്നതാണ് ദിനാചരണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

## NADDA- TELE MANAS App

ലോക മാനസികാരോഗ്യ ദിനത്തിൽ ടെലി മാനസ് മൊബൈൽ ആപ്പ് ഉൾപ്പെടെയുള്ള പുതിയ സേവനങ്ങൾക്ക് തുടക്കം കുറിച്ച് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ. അടിയന്തര ഘട്ടങ്ങളിൽ സഹായത്തിനായി എമർജൻസി മൊഡ്യൂൾ ഉൾപ്പെടെ ആപ്പിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, ഹിന്ദി എന്നിവയ്ക്ക് പുറമേ 10 പ്രാദേശിക ഭാഷകളിൽ ആപ്പ് ലഭ്യമാകും. എല്ലാവരെയും ഉൾക്കൊള്ളുന്നതും താങ്ങാനാവുന്നതുമായ മാനസികാരോഗ്യ സേവനങ്ങൾ ഉറപ്പാക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ശ്രീ നഡ്ഡ വ്യക്തമാക്കി.

## GEORGE KURIAN

കേരളത്തിലേക്ക് കൂടുതൽ വന്ദേ ഭാരത് സർവീസുകൾ ആവശ്യപ്പെടുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. മെമു സർവീസുകൾ വർധിപ്പിക്കുന്നതിനൊപ്പം, അധിക ബോഗികൾ അനുവദിക്കുമെന്നും അദ്ദേഹം കോഴിക്കോട് പറഞ്ഞു. റെയിൽവേ വികസനത്തിനായി കേരളത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് ബുദ്ധിമുട്ടുകളുണ്ടെന്നും ശ്രീ ജോർജ് കുര്യൻ അറിയിച്ചു.

## PM - CM-KERALA

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കേരളം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളും, ഏറെക്കാലമായി ഉന്നയിക്കുന്ന സുപ്രധാന വിഷയങ്ങളിലും അടിയന്തര കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ടതായും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. മുണ്ടക്കൈ-ചൂരൽമല പുനരധിവാസത്തിനായി ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും 2,200 കോടി രൂപ അനുവദിക്കണമെന്ന ആവശ്യവും അദ്ദേഹം ആവർത്തിച്ചു.

പ്രധാനമന്ത്രി ഉൾപ്പെടെ അഞ്ച് കേന്ദ്രമന്ത്രിമാരുമായാണ് മുഖ്യമന്ത്രി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയത്. സംസ്ഥാനം അഭിമുഖീകരിക്കുന്ന സുപ്രധാന പ്രശ്നങ്ങളിൽ കേന്ദ്രത്തിന് നിവേദനം സമർപ്പിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

## HIGH COURT – SABARIMALA

ശബരിമലയിലെ സ്വർണ്ണപ്പാളിയിൽ നിന്നും 475 ഗ്രാമോളം സ്വർണം നഷ്ടമായെന്ന കണ്ടെത്തലിൽ അന്വേഷണത്തിന് നിർദേശം നൽകി കേരളാ ഹൈക്കൊടതി. സംസ്ഥാന പോലീസ് മേധാവിയെ കേസിൽ കക്ഷി ചേർത്തു. ദേവസ്വം വിജിലൻസ് നൽകിയ റിപ്പോർട്ട് പരിശോധിച്ച ശേഷമാണ് നടപടി. പ്രത്യേക അന്വേഷണ സംഘം രണ്ടാഴ്ചയിൽ ഒരിക്കൽ അന്വേഷണ പുരോഗതി കോടതിയെ അറിയിക്കണം. ആറാഴ്ചയ്ക്കുള്ളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണം എന്നും ഹൈക്കോടതി നിർദ്ദേശിച്ചു.

## V N VASAVAN

ശബരിമല സ്വർണപ്പാളി വിഷയത്തിൽ കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിഷയത്തിൽ ഹൈക്കോടതിയുടെയും, സർക്കാരിൻറെയും നിലപാടുകൾ ഒന്നാണെന്നും അദ്ദേഹം പറഞ്ഞു. ദേവസ്വം ബോർഡിൻറെ പരാതിയിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് പ്രത്യേക അന്വേഷണസംഘം ഇന്ന് തന്നെ അന്വേഷണം ആരംഭിക്കുമെന്ന് ദേവസ്വംമന്ത്രി വി എൻ വാസവൻ മാധ്യമങ്ങളോട് പറഞ്ഞു. ഹൈക്കോടതി വിധിയെ സ്വാഗതം ചെയ്യുന്നതായി ദേവസ്വം ബോർഡ് അറിയിച്ചു. വിധി ആശ്വാസകരമാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട കേസുകൾ സിബിഐയ്ക്ക് കൈമാറണമെന്ന് ബിജെപി നേതാവ് പി.കെ കൃഷ്ണദാസ് ആവശ്യപ്പെട്ടു.

## NATIONAL ARCHIVES- SHEKHAWAT ( INTRO)

ഡിജിറ്റൈസേഷൻ ഉൾപ്പെടെ എല്ലാ മേഖലകളിലും രാജ്യം അതിവേഗം മുന്നേറുകയാണെന്ന് കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് . ന്യൂഡൽഹിയിൽ നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യ സംഘടിപ്പിച്ച പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ഭരണപരവും ചരിത്രപരവുമായ രേഖകൾ

സംരക്ഷിക്കുന്നതിൽ നാഷണൽ ആർക്കൈവ്സ് നൽകിയ സംഭാവനകളെ അദ്ദേഹം പ്രശംസിച്ചു.
( വോയിസ് )

❁❁❁❁❁❁❁❁❁❁❁❁❁

## IMD

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ആന്ധ്രാപ്രദേശ്, അസം, മേഘാലയ, നാഗാലാൻറ്, മണിപ്പൂർ, മിസോറാം, ത്രിപുര സംസ്ഥാനങ്ങളിലെ ഒറ്റപ്പെട്ട ഇടങ്ങളിലും ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## TEST CRICKET

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യ ശക്തമായ നിലയിൽ. ആദ്യ ദിനം കളി നിർത്തുമ്പോൾ ഇന്ത്യ ഒന്നാം ഇന്നിങ്സിൽ 2 വിക്കറ്റ് നഷ്ടത്തിൽ 318 റൺസ് എടുത്തിട്ടുണ്ട്. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരെഞ്ഞെടുക്കുകയായിരുന്നു. ആദ്യ ടെസ്റ്റിൽ ഇന്ത്യക്കായിരുന്നു ജയം.

❁❁❁❁❁❁❁❁❁❁❁❁❁

## icc world cup

ഐസിസി വനിതാ ലോകകപ്പിൽ ന്യൂസിലാന്റിനെതിരെ ബംഗ്ലാദേശിന് 228 റൺ വിജയലക്ഷ്യം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ന്യൂസീലാൻഡ് നിശ്ചിത ഓവറിൽ 9 വിക്കറ്റിൽ 227 റൺ നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ബംഗ്ലാദേശ് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 6 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 10 റൺ എന്ന നിലയിലാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## BADMINTON-BRONZE

BWF വേൾഡ് ജൂനിയർ മിക്സഡ് ടീം ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്ക് വെങ്കലം. ഗുവാഹത്തിയിൽ ഇന്ന് നടന്ന സെമിഫൈനലിൽ ഇന്തോനേഷ്യയോടാണ് ഇന്ത്യ പരാജയപ്പെട്ടത്.

❁❁❁❁❁❁❁❁❁❁❁❁❁

## GST REFORMS- MP

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ മധ്യപ്രദേശിന്റെ സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കുമെന്ന് വിലയിരുത്തൽ. കാർഷിക

യന്ത്രങ്ങൾ, പമ്പുകൾ, ട്രാക്ടറുകൾ, മറ്റ് ഉപകരണങ്ങളുടെ ജിഎസ്ടി 5 ശതമാനമാക്കിയത് ചെറുകിട കർഷകർക്ക് പ്രയോജനം ചെയ്യും. പരമ്പരാഗത ഗോത്ര കരകൗശല വസ്തുക്കളുടെ ജിഎസ്ടിയും സിമന്റിന്റെയും തുകൽ ഉൽപ്പന്നങ്ങളുടെയും ജിഎസ്ടി നിരക്ക് കുറച്ചത് വ്യവസായ മേഖലയ്ക്ക് ഉണർവേകുമെന്നും വിലയിരുത്തലുണ്ട്.

## US PAK Missile supply

പാകിസ്ഥാന് പുതിയ അഡ്വാൻസ്ഡ് മീഡിയം-റേഞ്ച് എയർ-ടു-എയർ മിസൈലുകൾ വിതരണം ചെയ്യില്ലെന്ന് യുഎസ്. നിലവിലുള്ള വിദേശ സൈനിക വിൽപ്പന കരാറിലെ സമീപകാല ഭേദഗതിയിൽ പുതിയ ആയുധങ്ങൾ കൈമാറ്റം ചെയ്യുന്നില്ലെന്ന് ഇന്ത്യയിലെ യുഎസ് എംബസി പ്രസ്താവനയിലൂടെ അറിയിച്ചു. കരാർ പരിഷ്കരണം സുസ്ഥിരതയ്ക്കായാണെന്നും പുതിയ ആയുധങ്ങൾ വിതരണം ചെയ്യുന്നില്ലെന്നും അമേരിക്കൻ എംബസി വ്യക്തമാക്കി.

## SC-J&K STATEHOOD&K STATEHOOD

ജമ്മുകശ്മീരിന് സംസ്ഥാന പദവി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച ഹർജികളിൽ കേന്ദ്രസർക്കാരിന് അഭിപ്രായം രേഖപ്പെടുത്താൻ രണ്ടാഴ്ച സമയം അനുവദിച്ച് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് ബി ആർ ഗവായ്, ജസ്റ്റിസ് കെ വിനോദ് ചന്ദ്രൻ എന്നിവരുൾപ്പെട്ട ബെഞ്ചാണ് ഹർജികൾ പരിഗണിച്ചത്. ജമ്മുകശ്മീരിൽ വലിയ തോതിൽ വികസനം ഉണ്ടായതായും നിയമസഭാ തിരഞ്ഞെടുപ്പ് സമാധാനപരമായി നടത്താൻ സാധിച്ചതായും സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയെ അറിയിച്ചു.